# വിവാഹം

## ഉദ്ദേശ്യവും പ്രായോഗികതയും



പാസ്റ്റർ ജേക്കബ് മാമച്ചൻ

ജോയലിന്റെയും പെർസിസിന്റെയും
വിവാഹദിനത്തിൽ നൽകിയ സന്ദേശം
(20 നവംബർ 2020)

വേർഡ് ഓഫ് ഗോഡ് ചർച്ചിന്റെ പേരിൽ ഞാൻ ജോയലിനും പെർസിസിനും വിജയകരമായ ആത്മീകജീവിതം ആശംസിക്കുന്നു. പ്രത്യേകാൽ ഒരു കാര്യം ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. കാറുകൾ, സാമ്പത്തികം, വീടുകൾ, കുടുംബം, ആരോഗ്യം, വിദ്യാഭ്യാസം, ജോലി എന്നിവ നാം അന്വേഷിച്ചു പോകേണ്ടതില്ല, മറിച്ച് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിനു വേണ്ടി അവയെല്ലാം ചവറെന്നും ചേതമെന്നും എണ്ണുക. വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിക്കപ്പെട്ട അതിവിശുദ്ധ വിശ്വാസത്തിനുവേണ്ടി നിലനിൽക്കുവാൻ ഞാൻ നിങ്ങളെ പ്രചോദിപ്പിക്കുന്നു.

ഞാനെന്റെ വചനശുശ്രൂഷയിലേക്കു കടക്കട്ടെ. ഈ സന്ദേശത്തിനു രണ്ടു ഭാഗങ്ങളുണ്ട്. ആദ്യത്തേത് വിവാഹത്തിന്റെ ഉദ്ദേശ്യം ദൈവശാസ്ത്ര അടിസ്ഥാനത്തിൽ. രണ്ടാമത്തേത് വിവാഹത്തിന്റെ പ്രായോഗിക വശങ്ങൾ.

### *വിവാഹത്തിന്റെ ദൈവവശാസ്ത്രപരമായ ഉദ്ദേശ്യം*

സാധാരണ വിവാഹശുശ്രുഷകളിൽ നാം കേൾക്കുന്ന സന്ദേശങ്ങൾ അവിടെ നടക്കുന്ന വിവാഹത്തെ കേന്ദ്രീകരിച്ചായിരിക്കും. വിവാഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചായിരിക്കില്ല. ഞാനെന്താണ് അതുകൊണ്ടു ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാം. വിവാഹത്തെക്കുറിച്ച് പറയുമ്പോൾ വധൂവരന്മാർ തമ്മിലുള്ള ചേർച്ച, അവർക്കു പരസ്പരമുള്ള ഉത്തരവാദിത്വങ്ങൾ എന്തായിരിക്കണം എന്നിങ്ങനെ വിവാഹിതരാകാൻ പോകുന്ന സ്ത്രീയെയും

പുരുഷനെയും ചുറ്റിപ്പറ്റിയുള്ള കാര്യങ്ങളാണ് പൊതുവെ ചർച്ച ചെയ്യപ്പെടുന്നത്. ഇക്കാര്യങ്ങൾക്കു പ്രാധാന്യമുള്ളപ്പോൾ തന്നെ, നമ്മുടെ ചർച്ചകളുടെ ഭൂരിഭാഗവും ഈ ഒരു ചെറിയ കാഴ്ച്ചപ്പാടിൽ നിന്നുകൊണ്ടു മാത്രമാകുന്നു. ചുരുക്കത്തിൽ, വിവാഹവേദി വിട്ടു പോകുമ്പോൾ നാം കൂടെ കൊണ്ടുപോകുന്നത് വധൂവരൻമാരെക്കുറിച്ചുള്ള വിവരങ്ങൾ, ഭക്ഷണപാനീയങ്ങൾ, സ്റ്റേജ്, അലങ്കാരങ്ങൾ മുതലായ കാര്യങ്ങൾ മാത്രമായിരിക്കും. മേല്പറഞ്ഞ മൂല്യമില്ലാത്ത കാര്യങ്ങളിൽ നിന്നും വിവാഹത്തെ കുറിച്ചുള്ള പരമപ്രധാനമായ ദൈവിക പദ്ധതിയിലേക്ക് നിങ്ങളുടെ ശ്രദ്ധയെ തിരിക്കുവാനാണ് ഇവിടെ ഞാൻ ശ്രമിക്കുന്നത്.

വിവാഹത്തിന്റെ ഉദ്ദേശ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? വെറും സ്ത്രീപുരുഷ ഐക്യത്തിനപ്പുറം, സകലത്തിന്റെയും ഉറവിടമായ സ്രഷ്ടാവിങ്കലേക്കു നമ്മുടെ ചർച്ചകൾ എത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പലരും ഇത് പറഞ്ഞിട്ടുണ്ടെങ്കിലും ഒന്നുകിൽ തിരുവെഴുത്തുകളുടെ വാചക സൂക്ഷ്മതയോ അല്ലെങ്കിൽ എബ്രായതിരുവെഴുത്തുകളുടെ തർക്കമോ നഷ്ടമായിട്ടുണ്ട്. ത്രിയേക ദൈവത്തിന്റെ പരമാധികാരമാണ് ഒരു വിവാഹബന്ധത്തിന്റെ തുടക്കം. അതിനർത്ഥം ഏതു കാര്യവും ആരംഭിക്കേണ്ടതും അവസാനിക്കേണ്ടതും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ആയിരിക്കണം. നമ്മുടെ ജീവിതത്തിലെ ഏതു കാര്യത്തിന്റെയും ആരംഭസ്ഥാനം യേശുക്രിസ്തുവിനായിരിക്കണം. യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നതുപോലെ

'ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോട് കൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു'. മറ്റു മൂന്നു സമാനസുവിശേഷങ്ങളും ആരംഭിക്കുന്നത് യേശുവിന്റെ ജനനവും സ്നാനവും പറഞ്ഞുകൊണ്ടാണെങ്കിൽ യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത് നിത്യമായ വചനത്തെ പരാമർശിച്ചുകൊണ്ടാണ്. സ്നേഹിതരെ, നാം ഏതൊരു കാര്യത്തെക്കുറിച്ചു ചിന്തിക്കുമ്പോഴും, ചർച്ച ചെയ്യുമ്പോഴും ഊന്നൽ കൊടുക്കേണ്ടത് യഹോവയാം ദൈവത്തിന്റെ സർവ്വാധികാരം, സ്വഭാവം, ഉദ്ദേശ്യം ഇത്യാദി അടിസ്ഥാന തത്വങ്ങൾക്കാണ്.

നമുക്ക് സുപരിചിതമായ ഒരു വേദഭാഗത്തിലൂടെ വിവാഹത്തിന്റെ ഉദ്ദേശ്യം എന്താണെന്നു ചിന്തിക്കാം. ഉല്പത്തി 2:15-18 വരെയുള്ള ഭാഗം വായിക്കുമ്പോൾ 18-ാം വാക്യത്തിൽ 'തക്കതായൊരു തുണ' എന്ന് വായിക്കുന്നു. ഇംഗ്ലീഷ് തർജ്ജിമയിൽ ഇതിനു ഉപയോഗിച്ചിരിക്കുന്ന പദം 'Helper' എന്നാണ്. എന്തിനാണ് ഈ തുണ? ഏതു കാര്യത്തിനാണ് സഹായിക്കേണ്ടത്? ഭക്ഷണം പാകം ചെയ്യുവാനാണോ? ഷോപ്പിംഗിനു പോകുവാനാണോ? കടയിൽ സാധനങ്ങൾ വാങ്ങാൻ പോകുവാനാണോ? ഒരിക്കലുമല്ല. തോട്ടത്തിലെ വേല ചെയ്‌വാനും; അത് കാത്തുസൂക്ഷിപ്പാനുമാണെന്നു തിരുവെഴുത്തു പറയുന്നു. എന്താണ് ഇതുകൊണ്ടു അർത്ഥമാക്കുന്നത്? ഉല്പത്തി മുതൽ ആവർത്തന പുസ്തകം വരെയുള്ള മോശൈക ഗ്രന്ഥങ്ങൾ അഥവാ പഞ്ചഗ്രന്ഥങ്ങൾ വായിക്കുമ്പോൾ വേല ചെയ്‌വാനും തോട്ടം കാപ്പാനും എന്ന പദപ്രയോഗം,

*ശുശ്രൂഷ* എന്ന വാക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് മനസിലാക്കാം. ഇതിനർത്ഥം ആദാമും ഹവ്വായും ശുശ്രൂഷയ്ക്കു വേണ്ടി വിളിക്കപ്പെട്ടു എന്നാണ്. ഏതുതരം ശുശ്രൂഷയാണ് അത്? ശുശ്രൂഷ എന്ന് ഇവിടെ അർത്ഥമാക്കുന്നത് ആലയത്തിലെ ശുശ്രൂഷയാണ്. പുറപ്പാട് 3:12 ന്റെ രണ്ടാം പകുതിയിൽ 'ആരാധിക്കും' എന്ന് ഉപയോഗിച്ചിരിക്കുന്നത്, ഭൂമിയിൽ യഹോവയാം ദൈവത്തിനു തങ്ങളുടെ നടുവിൽ വസിക്കുവാനും പ്രപഞ്ചത്തെ അടക്കി ഭരിക്കുവാനും യിസ്രായേൽ മക്കൾ മരുഭൂമിയിൽ ഉണ്ടാക്കുവാനിരിക്കുന്ന സമാഗമന കൂടാരത്തിന്റെ സൂചനയാണ് എന്ന് നമുക്ക് തിരിച്ചറിയാം. തുടർന്ന് വായിക്കുമ്പോൾ ഈ ശുശ്രൂഷ നിറവേറ്റുവാൻ, യഹോവയായ ദൈവം, യാഗങ്ങൾ, പൗരോഹിത്യം, പ്രമാണങ്ങൾ, ഉടമ്പടികൾ, എന്നിവയാൽ സമൃദ്ധമായ ഒരു വൻ സമ്പ്രദായം യിസ്രായേലിൽ സ്ഥാപിച്ചതായി നാം കാണുന്നു. അതിനാൽ ആദാമിനും ഹവ്വായ്ക്കും വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി, തോട്ടം കാക്കുക എന്ന് മാത്രമായിരുന്നില്ല ആലയം പണിയുക എന്നതും കൂടിയായിരുന്നു. ഏദെൻ തോട്ടത്തിൽ നഗ്നനായി ചുറ്റി നടക്കുന്ന ഒരു സാധാരണ മനുഷ്യനായിട്ടാണ് നാം സാധാരണയായി ആദമിനെ വിചാരിക്കുന്നത്. തോട്ടത്തിലെ കായ്കനികൾ ഭക്ഷിച്ചും, സിംഹങ്ങളെയും കരടികളെയും ലാളിച്ചും, ഡോൾഫിനുകളുടെ കൂടെ നീന്തിയും, ഹവ്വയോടൊത്തു സായാഹ്നങ്ങളിൽ ഹിദ്ദേക്കൽ നദിയിൽ ഭാവനാത്മകമായി സമയം ചെലവിടുന്നതുമൊക്കെയാണ് നമ്മൾ സങ്കൽപ്പിക്കുന്നത്. ഞാൻ ഈ പറഞ്ഞത്

ഒരു ഹാസ്യവർണ്ണനയാണെങ്കിലും ഇന്നത്തെ ക്രൈസ്തവ സമൂഹത്തിന് തിരുവെഴുത്തുകളിലെ ആലങ്കാരിക പ്രയോഗങ്ങളെക്കുറിച്ചു തീർത്തും അവ്യക്ത മായ ചില സങ്കല്പങ്ങൾ മാത്രമാണുള്ളത്.

ഒരു സമകാലികൻ ഉല്പത്തിപുസ്തകം വായിക്കുമ്പോൾ ചിന്തിക്കുന്നത് അവധി, വിനോദം, ആഢംബരം, ഭക്ഷണം, സ്വാതന്ത്ര്യം എന്നീ കാര്യങ്ങളാണെങ്കിൽ; പുരാതന വായനക്കാരന്റെ ഉള്ളത്തിൽ ആലയം, ശുശ്രൂഷ, അനുസരണം, ഉദ്ദേശ്യം, ദൗത്യം എന്നിത്യാദി ചിന്തകൾ ആയിരുന്നു നിറഞ്ഞുനിന്നിരുന്നത്. ഉല്പത്തി പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദൈവശാസ്ത്രത്തിന്റെ ആഴങ്ങൾ ഗ്രഹിക്കണമെങ്കിൽ എബ്രായ ഭാഷാശൈലിയും അന്നത്തെ കാലഘട്ടത്തെക്കുറിച്ചുള്ള അറിവും അത്യാവശ്യമാണ്. അതിഗംഭീരമായ ദൈവീകസത്യങ്ങൾ മറനീക്കി വളരെ സ്പഷ്ടമായി ഇവിടെ സംസാരിക്കാൻ ഉണ്ടെങ്കിലും ഒരു കാര്യം വിഘ്നം കൂടാതെ പറയാം. പൗരാണിക എഴുത്തുകാരുടെ പശ്ചാത്തലം ഒരിക്കലും അംബര ചുംബികളായ കെട്ടിടങ്ങളോ, വേഗതയേറിയ വാഹനങ്ങ ളോ, മറ്റു ആകർഷണങ്ങളോ ആയിരുന്നില്ല. പിന്നെയോ അവരുടെ ചിന്തകൾ വിണ്ണിലെ വിശുദ്ധിയും മണ്ണിലെ ഭൗമികതയും തമ്മിലുള്ള തിരിച്ചറിവിലായിരുന്നു. ഒരു സാധാരണ വായനക്കാരന് ഉൾക്കൊള്ളുവാൻ കഴിയാത്ത രീതിയിൽ ആത്മീകവും ഭൗമീകവുമായ നില യിൽ അവർ ചിന്തിക്കുന്നു.

ദൈവം വസിക്കുന്ന വിശുദ്ധ സ്ഥലം എങ്ങനെ മാനുഷികതലവുമായി ചേർന്നു വസിക്കും? എങ്ങനെ ദൈവത്തിന്റെ പവിത്രതയും മനുഷ്യരുടെ ലൗകികതയും തമ്മിൽ യോജിക്കും?

പഴയനിയമം പറയുന്നതുപോലെ 'ദൈവം മനുഷ്യ നോടു കൂടെ' (*Elohim with Adam*) അല്ലെങ്കിൽ, പുതിയനി യമ ക്രിസ്തുശാസ്ത്രമനുസരിച്ച് 'ഇമ്മാനുവേൽ' ദൈവം നമ്മോടു കൂടെ എന്നപോലെ.

പ്രിയരേ, മനുഷ്യന്റെ വിനോദത്തിനായി ഒരു സുഖവാസകേന്ദ്രമല്ല ദൈവം ഏദനിൽ ഉണ്ടാക്കിയത്, മറിച്ച് തന്റെ മഹത്വം വെളിപ്പെടുത്താനായി ഒരു ആലയം ആണ് ദൈവം ഉണ്ടാക്കിയത്. പുരുഷനും സ്ത്രീയും സൃഷ്ടിയുടെ ഗുണഭോക്താക്കളല്ല മറിച്ച് സൃഷ്ടി ക്കപ്പെട്ട ക്രമത്തിൽ പങ്കാളികളായിരുന്നു. അതിനർത്ഥം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനു ഒരു കടമയും ലക്ഷ്യവും ഉണ്ടായിരുന്നു എന്നാണ്. ആ വിശുദ്ധസ്ഥലത്തിന്റെ അഥവാ ദൈവാലയത്തിന്റെ ചുമതലയേറ്റു നടത്തുവാനും അത് ഭൂമിയുടെ അറ്റത്തോളം വികസിപ്പിക്കാനുമുള്ള അധികാരം ആയിരുന്നു അവർക്കു നൽകപ്പെട്ടത്. അതുകൊണ്ടാണ് 'നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി, പെരുകി ഭൂമിയിൽ നിറയണം അതിനെ അടക്കി വാഴണം' എന്ന് നാം വായിക്കുന്നത്. ആകയാൽ വിവാഹത്തിന്റെ അടിസ്ഥാന ഉദ്ദേശ്യം ത്രീയേക ദൈവത്തിന്റെ മഹത്വത്തിനായി 'ആത്മീക ഗൃഹങ്ങൾ പണിയുക' എന്ന ദൈവീക പദ്ധതിയാണ്.

ഇവിടെ ആത്മീക ഗൃഹം, ആലയം, മന്ദിരം എന്നിങ്ങനെ പറയുമ്പോൾ നമ്മൾ അതിനെ ഭൂമിശാസ്ത്ര പരമായി സ്ഥിതി ചെയ്യുന്ന ഒരു കോൺക്രീറ്റ് കെട്ടിടമോ ഏതെങ്കിലും ഒരു പ്രത്യേക ദേശത്തു സ്ഥാപിച്ചിട്ടുള്ള സമുച്ചയങ്ങളോ ആയി സങ്കല്പിക്കും. എന്നാൽ 'ആലയം' എന്ന പഴയനിയമസങ്കല്പം ദൈവത്തിന്റെ പേരുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഒരു ഭൗതിക ഘടന അതിനു ആവശ്യമില്ല. അതുകൊണ്ടു ആലയം നിർമ്മാണം എന്ന തിനർത്ഥം *യഹോവയുടെ നാമം ഭൂമിയിലൊക്കെയും സ്ഥാപിക്കപ്പെടുക എന്നാണ്.* ഇതായിരുന്നു വിവാഹം എന്ന വ്യവസ്ഥ സ്ഥാപിതമാകാനുള്ള അടിസ്ഥാന രേഖ യോഹന്നാൻ 17:26 ഇവിടെ ചേർത്ത് വായിക്കാം. 'നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും, ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും.' പൊതുവിലുള്ള സന്തോഷത്തിനും, ഒന്നിച്ചു ജീവിക്കുന്ന തിലുള്ള ആനന്ദാനുഭൂതികൾക്കുമപ്പുറം ഒരു പൗരോഹിത്യ ശ്രേഷ്ഠതയുള്ള സ്ഥിതി വിശേഷമാണ് വിവാഹം എന്ന് പറയുന്നത്. അത് ദമ്പതികളുടെ കുടുംബപേര് സ്ഥാപിക്കുവാനല്ല, മറിച്ചു തങ്ങളിലൂടെ ദൈവനാമം മഹത്വീകരിക്കപ്പെടേണ്ടതി നാണ്. ഭൗമീകമായ സംതൃപ്തിയേക്കാൾ വിശുദ്ധമാണ് അതിന്റെ ഘടന. അത് വ്യക്തിപരമായ കുടുംബബന്ധ ങ്ങളിലേക്കല്ല മറിച്ച് നമ്മുടെ പൂർവ്വ പിതാക്കളായ ആദം, അബ്രഹാം, ദാവീദ് എന്നിവരുടെ വംശാവലിയോട് നമ്മെ

യോജിപ്പിക്കുന്നു എന്ന് മനസ്സിലാക്കണം. ഒരുവൻ വിവാഹിതനായി എന്ന് പറയുമ്പോൾ അത് 2 കുടുംബങ്ങൾ തമ്മിലുള്ള ബന്ധത്തിനപ്പുറത്തേക്കു അവർ ദൈവചരിത്രത്തിന്റെ ഭാഗങ്ങളായി തീരുകയാണ് ചെയ്യുന്നത്. 'സഭ' എന്ന വലിയ പദ്ധതിയിലേക്കാണ് ചേർക്കപ്പെടുന്നത്. ആകയാൽ വിവാഹം എന്നത് ദൈവരാജ്യത്തിന്റെ നിർമ്മാണമാണ്; അതിന്റെ വിപുലീകരണമാണ്.

ഇനി ഞാൻ എന്റെ സന്ദേശത്തിന്റെ രണ്ടാം ഭാഗത്തേക്ക് കടക്കുകയാണ്. ഒരു സഭാശുശ്രൂഷകൻ എന്ന നിലയ്ക്ക്, പൊതുവെ തെറ്റായ രീതിയിൽ വിശകലനം ചെയ്യപ്പെടുന്ന ചില കാര്യങ്ങൾ, തികച്ചും ക്രൈസ്തവ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഞാൻ തിരുത്തുകയാണ്.

മത്തായിയുടെ സുവിശേഷം 5-ാം അധ്യായത്തിൽ കാണുന്ന മാതൃകയിൽ ('ഞാനോ നിങ്ങളോടു പറയുന്നത്...') ഞാൻ 4 കാര്യങ്ങൾ നിങ്ങളുടെ ചിന്തയിലേക്ക് കൊണ്ടുവരുന്നു.

***ഒന്നാമതായി***

'നീ സ്നേഹിക്കുന്നവളെ വിവാഹം ചെയ്യണം. അല്ലാതെ നിനക്കിഷ്ടമില്ലാത്ത ഒരുവളെയോ, മാതാപിതാക്കൾ തിരഞ്ഞെടുക്കുന്ന ഒരുവളെയോ അല്ല വിവാഹം ചെയ്യേണ്ടത്. മാത്രമല്ല, ഇഷ്ടമില്ലാത്ത ഒരാളുടെ കൂടെ എങ്ങനെ ജീവിക്കും' എന്ന് പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

***ഞാനോ നിങ്ങളോടു പറയുന്നത്:***

'ഇത് ഒരു കൗമാരക്കാരന്റെ ചാപല്യം മാത്രമാണ്. ഓർത്തു നോക്കിയാൽ നമ്മൾ ഇപ്പോഴും ജീവിക്കുന്നത് നമുക്ക് ഇഷ്ടമില്ലാത്തവരുടെ ഇടയിലല്ലേ? പലപ്പോഴും നമ്മൾ അവരെ സ്നേഹപൂർവ്വം ആന്റി, അങ്കിൾ, കസിൻസ് എന്നൊക്കെ വിളിക്കുന്നില്ലേ? സമകാലീന മായ ഒരു ഉദാഹരണം പറയട്ടെ. കൗമാരപ്രായത്തിലുള്ള കുട്ടികൾ ആരെങ്കിലും നിയന്ത്രണങ്ങൾ ഇഷ്ടപ്പെടു ന്നുണ്ടോ?

‘ 10 മണിക്ക് മുമ്പ് വീട്ടിൽ തിരിച്ചെത്തണം’;

‘നീയിന്നു ബൈബിൾ വായിച്ചുവോ?’

‘പ്രാർത്ഥിച്ചുവോ?’

‘കൂട്ടുകാരുടെ കൂടെ പുറത്തു പോകണ്ട’

എന്നിങ്ങനെ തങ്ങളെ നിയന്ത്രിക്കുന്ന മാതാപിതാ ക്കളെ ഇഷ്ടപ്പെട്ടിട്ടാണോ കുട്ടികൾ കൂടെ ജീവിക്കുന്നത്? (ഇടയ്ക്കൊന്നു പറഞ്ഞോട്ടെ ഇക്കാലത്തു ഇങ്ങനെ നിയന്ത്രിക്കുന്ന മാതാപിതാക്കൾ കാണുമോ എന്നും സംശയമുണ്ട്).

വിവാഹത്തിലും ഇത്തരത്തിലുള്ള നിയ ന്ത്രണ ങ്ങളും സ്വാതന്ത്ര്യങ്ങളും ഉണ്ട്. ഉല്പത്തി 2 ശ്രദ്ധിച്ചു വായിച്ചാൽ ആദം ഹവ്വയെ സ്വീകരിച്ചത് അവളോടുള്ള സ്നേഹം കൊണ്ടല്ല മറിച്ചു അത് യഹോവയാം ദൈവത്തിന്റെ ഉദ്ദേശ്യമായതുകൊണ്ടു മാത്രമാണ്. ആദം ആ ദൈവികപദ്ധതിക്കു പൂർണ്ണ മായി വഴങ്ങുകയാണ് ചെയ്തത്. തിരുവചനത്തിന്റെ

അടിസ്ഥാനത്തിൽ മനുഷ്യർ പ്രേമബദ്ധരാകുകയല്ല, മറിച്ചു സ്നേഹത്തിൽ വളരുകയാണ്; വർദ്ധിക്കുകയാണ്. വിവാഹ വ്യവസ്ഥയിൽ പരമപ്രാധാന്യമുള്ള ആദ്യപടി ദൈവത്തോടുള്ള സമർപ്പണമാണ്. മാനുഷിക വികാരങ്ങൾക്കല്ല അവിടെ സ്ഥാനം; സ്നേഹം ഒരിക്കലും വികാരപരമല്ല മറിച്ചു ഉടമ്പടി യിൽ അധിഷ്ഠിതമായതാണ്. വിവാഹത്തിന് മുൻപേ ദൈവീകപദ്ധതി തിരിച്ചറിഞ്ഞു അതിലേക്കു പ്രവേശി ക്കുന്നവന് മാത്രമേ ആ പദ്ധതിയുടെ പൂർത്തീകരണം തങ്ങളുടെ ജീവിതത്തിലൂടെ സഫലീകരിക്കുവാൻ സാധിക്കൂ. ആകയാൽ വിവാഹം എന്നത് തങ്ങൾക്കു ലഭിക്കുന്ന പങ്കാളിയെ ക്രിസ്തുവിൽ തികഞ്ഞവനായി / തികഞ്ഞവളായി നിർത്തണം എന്ന ഏക ദൗത്യത്തോടെ പരസ്പരം ചെയ്യുന്ന ഉടമ്പടിയാണ് / ഉഭയസമ്മതമാണ്. അങ്ങനെയെങ്കിൽ തങ്ങളുടെ ജീവിതത്തിലൂടെ ദൈവ നാമം മഹത്വപ്പെടണം എന്നതായിരിക്കും അവരുടെ ഏക ലക്ഷ്യം.

***രണ്ടാമതായി***

'അവൻ, അവൾ, സഭയിൽ ഗായക സംഘത്തിന്റെ അഥവാ യുവജനസംഘടനകളുടെ നേതൃ നിരയിൽ ഉള്ളവർ ആണ്; ആത്മീകമായി വളരെ മുന്നോട്ടാണ്; ഉത്സുകരാണ് ' എന്ന് പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

***ഞാനോ നിങ്ങളോടു പറയുന്നത്***

സഭയിൽ മുടങ്ങാതെ പോകുന്നതോ, ഗാനങ്ങളാല പിക്കുന്നതോ, യുവജനപ്രവർത്തനങ്ങളോ ഒന്നും തന്നെയല്ല ഒരുവന്റെ ആത്മീകമൂല്യം നിർണ്ണയിക്കുന്നത്.

ആസാഫിനെപ്പോലെ പാടുന്നതോ, ദാവീദിനെപ്പോലെ ആടുന്നതോ, അപ്പൊല്ലോസിനെപോലെ പ്രസംഗിക്കുന്നതോ അല്ല ആത്മീയത. (ഇതെല്ലാം അവരുടെ കഴിവുകളാണ്.) ആത്മീയത തുടങ്ങുന്നത് ദൈവവചനത്തിലൂടെ തങ്ങളുടെ കർത്താവും രക്ഷിതാവുമായവനെ തിരിച്ചറിയുന്നതിലൂടെയാണ്.

തിരുവെഴുത്തുകളോടുള്ള സമർപ്പണവും, തിരുവെഴുത്തുകളിൻ പ്രകാരമുള്ള ന്യായവാദങ്ങളും, അതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുത്തു പോകുവാനുള്ള സാമർഥ്യവും എല്ലാം ചേർന്നതാണ് ആത്മീയത. 'അവർ പാടിയപ്പോൾ എനിക്ക് ദൈവസാന്നിദ്ധ്യം അനുഭവപെട്ടു; ആ പാട്ടു കേട്ടപ്പോൾ എനിക്ക് സ്വർഗ്ഗം ഇറങ്ങിവന്ന ഒരു അനുഭവമുണ്ടായി' എന്നെല്ലാം പറയുന്നത് നിങ്ങളുടെ ആത്മീകതയല്ല, മറിച്ചു വൈകാരികാനുഭവങ്ങളാണ്. കർത്താവിന്റെ ശാസന മത്തായി 7:21 ൽ കുറിച്ചിരിക്കുന്നത് ഇങ്ങനെയാണ്. 'എന്നോട് കർത്താവേ കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്.'

പങ്കാളിയെ തിരഞ്ഞെടുക്കുന്നത് കഴിവുകളും താലന്തുകളും നോക്കിക്കൊണ്ടാകരുതു. അതല്ല അതിന്റെ മാനദണ്ഡം. ഒരുപക്ഷെ അതുകൊണ്ടായിരിക്കാം യോഹന്നാൻ സ്നാപകൻ അവിവാഹിതനായി തുടർന്നത്. അദ്ദേഹത്തിന് ഒരു കഴിവും ഇല്ലായിരുന്നു. ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പിട്ടു നടക്കുന്നവനെ ആർ

ഇഷ്ടപ്പെടും? എന്നാൽ 'സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല' എന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. (മത്തായി 11:11).

ആകയാൽ ഒരു പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ അവരുടെ കഴിവോ അഥവാ താലന്തോ അല്ല, മറിച്ച് അവരുടെ ആത്മീക തിരിച്ചറിവും അതിന്റെ പ്രയോഗികതയുമാണ് മാനദണ്ഡമാക്കേണ്ടത്.

***മൂന്നാമതായി***

'അവനൊരു ഡോക്ടറാണ്' 'അവളൊരു എൻജിനീയർ ആണ്' എന്ന് പറയുന്നത് നമ്മളൊക്കെ കേട്ടിട്ടുണ്ടാകും.

***ഞാനോ നിങ്ങളോടു പറയുന്നത്***

ഡോക്ടറായാലും, എൻജിനീയർ ആയാലും രണ്ടുപേരും ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലു പോലെയേ ഉള്ളു. ആയതിനാൽ ആരും ആരുടെയും യോഗ്യതകൾ നോക്കരുത് എന്നല്ല ഞാൻ പറഞ്ഞതിന്റെ താല്പര്യം. ഈ പ്രവണത തികച്ചും അനാത്മികമായ തലത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതായി കാണപ്പെടുന്നു എന്നതാണ്. അത് സാമൂഹിക, സാമ്പത്തിക നിലവാരം കുറഞ്ഞവർക്ക് ഒരു അപമാനം എന്ന രീതിയിൽ എത്തിനിൽക്കുന്നു. ഇക്കാര്യത്തിൽ ഒരു ക്രിസ്ത്യാനി മുൻതൂക്കം കൊടുക്കേണ്ടത് ഒരുവന് ദൈവീകപദ്ധതികൾ, വ്യവസ്ഥകൾ എന്നിവയെക്കുറിച്ചുള്ള തിരിച്ചറിവിനാണ്. ഈ നാളുകളിൽ ഒരു ആധുനിക കുടുംബസ്ഥൻ ചെയ്യുന്നത്, തന്റെ കുടുംബമഹിമ, തന്റെ

മക്കളുടെ വിദ്യാഭ്യാസം, ജോലി, വരുമാനം, അത്യാകർഷക മായ ഫോട്ടോ എല്ലാം ചേർത്ത് ഏതെങ്കിലും ഒരു വൈവാ ഹിക സൈറ്റിൽ മക്കളുടെ പേരിൽ ഒരു അക്കൗണ്ട് ഉണ്ടാക്കി, തങ്ങൾക്കു യോജിച്ച തരത്തിലുള്ള അക്കൗണ്ടുകൾ ഫിൽറ്റർ ചെയ്തു അതിൽ ഏറ്റവും മെച്ചമായ പങ്കാളികളെ തിരഞ്ഞു കണ്ടുപിടിക്കുകയാണ്. ഇത് തീർത്തും ആക്ഷേപ കരമായ വസ്തുതയാണ്; ഇന്നത്തെ ക്രൈസ്തവസമൂ ഹത്തെ കാർന്നു തിന്നുന്ന, തിന്നുകൊണ്ടിരിക്കുന്ന ഒരു മഹാവ്യാധിയാണ്. 'തക്കതായൊരു തുണയെ' കണ്ടുപിടിക്കുവാൻ അനുഭവസമ്പത്തുള്ള, നീതിയുടെ വചനത്തിൽ അഭ്യസനം ചെയ്തു ജീവിക്കുന്ന ശുശ്രൂഷക ന്മാരോ, മൂപ്പന്മാരോ, ആയിരിക്കണം വിശ്വാസികൾക്കുള്ള മാതൃക.

യാക്കോബ് 4:3-4 വാക്യങ്ങൾ ഇങ്ങനെ വിളിച്ചു പറയുന്നു. 'നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല. വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദൈവ ത്തിന്റെ ശത്രുവായി തീരുന്നു.'

***നാലാമതായി,***

'അവർ വിവാഹമോചനത്തിന് കേസ് കൊടുത്തിരിക്ക യാണ്; ഇത് ഇന്ന് സർവ്വ സാധാരണമല്ലേ' എന്ന് നിങ്ങൾ കേട്ടിട്ടില്ലേ?

*ഞാനോ നിങ്ങളോടു പറയുന്നത്*

അതെ, ഇതായിരുന്നു ലോത്തിന്റെ കാലത്തു സോദോമിന്റെ പാപം. അന്നും അത് സർവ്വസാധാരണമായിരുന്നു. പക്ഷെ, ദൈവം സോദോമിനെ തീയും ഗന്ധകവും കൊണ്ട് നശിപ്പിച്ചുകളഞ്ഞു എന്നോർക്കുക.

നമ്മുടെ ഇടയിൽ സാധാരണമായതുകൊണ്ടോ നാട്ടുനടപ്പായതുകൊണ്ടോ തെറ്റായ കീഴ്വഴക്കങ്ങൾ നമ്മൾ പിന്തുടരരുത്. ഉല്പത്തി മുതൽ വെളിപാട് വരെ വായിക്കുമ്പോൾ 3000 വർഷത്തെ സംസ്ക്കാരസമ്പന്നതയിലൂടെയാണ് നാം കടന്നുപോകുന്നത്. ആകയാൽ വിവാഹമോചനം എന്ന വിഷയത്തിൽ ദൈവത്തിന്റെ ഹിതത്തെക്കുറിച്ചും, സമ്പൂർണ്ണമായ ദൈവഹിതത്തെക്കുറിച്ചും, അനുവദനീയമായ ദൈവഹിതത്തെക്കുറിച്ചും, നാം ചിന്തിക്കണം. പുരുഷാധിപത്യമുള്ള ഒരു കാലഘട്ടത്തിൽ ഒരു സ്ത്രീയുടെ സംരക്ഷണത്തിന് വേണ്ടിയാണു, പഴയനിയമവ്യവസ്ഥയിൽ രേഖാമൂലമുള്ള തെളിവായി 'വിവാഹമോചന സാക്ഷ്യപത്രം' അനുവദിച്ചിരുന്നത്. സ്ത്രീകളുടെ അവകാശങ്ങൾക്കു ബൈബിൾ മുൻതൂക്കം കൊടുക്കുന്നില്ല എന്ന് ആരാണ് പറഞ്ഞത്?

യഹോവയുടെ നിയമവ്യവസ്ഥയിൽ, അഴിമതികളിൽ നിന്ന് വിവാഹത്തെയും സമൂഹത്തെയും സംരക്ഷിക്കുവാൻ ശക്തമായ പ്രതിബദ്ധത ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ തിരുവെഴുത്തിലെ സത്യങ്ങൾക്കു സാക്ഷികളായവർ വിവാഹമോചനത്തെക്കാൾ വിവാഹത്തിന്റെ യശസ്സിന് ഊന്നൽകൊടുക്കുന്നു. പരീശന്റെ

ചോദ്യത്തിന് യേശുക്രിസ്തു നൽകിയ പ്രസിദ്ധമായ മറുപടി നിങ്ങളുടെ ശ്രദ്ധയിലേക്ക് ഞാൻ കൊണ്ടുവരട്ടെ. അപ്പോൾ പരീശന്മാർ അടുക്കെ വന്നു: 'ഭാര്യയെ ഉപേക്ഷിക്കുന്നത് പുരുഷന് വിഹിതമോ' എന്ന് അവനെ പരീക്ഷിച്ചുകൊണ്ടു അവനോടു ചോദിച്ചു. മറുപടിയായി ഉല്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ പ്രാരംഭ പദ്ധതി ഉൾക്കൊണ്ടുകൊണ്ട് കർത്താവായ യേശു അവരോടു പറയുന്നു: 'സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ദൈവം അവരെ ആണും പെണ്ണുമായി ഉണ്ടാക്കി.' ഒരു പടി കൂടി കടന്ന് 'ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്' എന്നും പറഞ്ഞു. മാർക്കോസ് 10:9'

എഫെസൊസ് സഭയ്ക്ക് ലേഖനം എഴുതുമ്പോൾ പൗലോസ് സ്ത്രീപുരുഷ ബന്ധത്തെ അല്പംകൂടി ഉയർത്തിക്കൊണ്ടു 'അത് നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരുദേഹമായി തീരും. ഈ മർമ്മം വലിയത്. ഞാൻ ക്രിസ്തുവിനെയും സഭയേയും കുറിച്ചത്രേ പറയുന്നത്' എന്നെഴുതിരിക്കുന്നു. ആകയാൽ ഈ വിഷയം സൂക്ഷ്മ സംവേദനക്ഷമതയോടെ പഥ്യവചനാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതിനു ഞാൻ സഭാശുശ്രുഷകരെയും ചുമതലപ്പെട്ടവരെയും പ്രോത്സാഹിപ്പിക്കുന്നു.

ഈ വരികൾ വായിക്കുന്ന ആരെങ്കിലും വിവാഹമോചന പ്രശ്നങ്ങളിലൂടെ കടന്നുപോകുന്നുണ്ടെങ്കിൽ വിവാഹത്തിന്റെ ദൈവീക

ലക്ഷ്യം തിരിച്ചറിഞ്ഞുകൊണ്ട് അതിനു സമർപ്പണമുള്ള വരായി തങ്ങളുടെ ജീവിതം ക്രമീകരിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഈ ഉത്തരാധുനിക കാലഘട്ട ത്തിൽ ദൈവസഭ ദൈവീക വ്യവസ്ഥതകളിൽ ഉറപ്പും ധൈര്യവുമുള്ളവരായി നിലനിൽക്കുവാൻ പരിശുദ്ധാത്മാ വ് ഇടവരുത്തട്ടെ.

എന്റെ സന്ദേശം ഞാനിവിടെ ഉപസംഹരിക്കട്ടെ. ആദ്യപകുതിയിൽ പറഞ്ഞപ്രകാരം വിവാഹത്തി ന്റെ ലക്ഷ്യം ഏദൻ തോട്ടത്തിൽ തങ്ങൾക്കു ലഭി ക്കപ്പെട്ട ദൈവാലയം കാപ്പാനും, സൂക്ഷിപ്പാനും, അതിൽ പ്രതിനിധികളെ സ്ഥാപിക്കാനുമായിരുന്നു. എന്നാൽ ആദ്യമനുഷ്യനായ ആദ ാ ം അതിൽ വീഴ്ച വരുത്തിയപ്പോൾ ഒടുക്കത്തെ ആദ ാ ം - യേശുക്രിസ്തു തന്നെത്താൻ താഴ്ത്തി, ക്രൂശിലെ മരണത്തോളം അന ുസരണമുള്ളവനായി തീർന്നു. തന്റെ പിതാവിന്റെ പൂർണ്ണഹിതപ്രകാരമുള്ള പ്രായശ്ചിത്തയാഗത്തിലൂടെ സഭയുടെ 'തല' എന്ന വിശേഷാധികാരം അവന്നു ലഭിച്ചു. ഇങ്ങനെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹത്തിന്റെ പ്രതിരൂപം.

ആകയാൽ പ്രിയ വായനക്കാർ ശ്രദ്ധിക്കണം വിവാഹം എന്നത് ദൈവരാജ്യസ്ഥാപനവും, അതിന്റെ വികസനവും ആണ്. വിവാഹം എന്നത് പൗരോഹിത്യ സ്വഭാവമുള്ള ഒന്നാണ്; വിവാഹം ദൈവ നാമവിപുലീകരണമാണ്; അത് ദൈവഹിതം ഭൂമിയിൽ പൂർണ്ണമാകേണ്ടതിനാണ്; കർത്താവിന്റെ വരവിനായുള്ള കാത്തിരിപ്പാണ് വിവാഹം.

വിവാഹത്തെക്കുറിച്ചുള്ള ഈ സംക്ഷിപ്ത ആശയം ആധുനിക സ്ത്രീപുരുഷ സങ്കൽപ്പത്തിൽ നിന്നും വളരെ വിദൂരത്തിലാണ്. ആധുനികയുഗത്തിലെ സ്ത്രീ -പുരുഷന്മാർ അവരുടേതായ ഒരു ചെറിയ കുമിളയിൽ ജീവിച്ച്, പണം സമ്പാദിച്ച്, മക്കളെ പ്രസവിച്ച്, വളർത്തി, വിലകൂടിയ വാഹനങ്ങളും വാങ്ങി, അവസാനം അന്തമില്ലാത്ത മരണത്തിന്റെ നിർവൃതിയിൽ ചെന്ന് ചേരുന്നു. ആകയാൽ വരും തലമുറയ്ക്ക് ദൈവവചനസത്യങ്ങൾ കൈമാറ്റം ചെയ്യപ്പെടാതെ ഈ ലോകജീവിതത്തിൽ നിന്നും മാറ്റപെടുവാൻ ആർക്കും ഇടയാകാതിരിക്കട്ടെ. വിവാഹത്തെക്കുറിച്ചൊരു ആത്മീക കാഴ്ചപ്പാട് നമുക്കെല്ലാവർക്കും അത്യാവശ്യമായി ഉണ്ടായിരിക്കണം.

എന്റെ ഈ സന്ദേശം കൊള്ളാമായിരുന്നു; അല്ലെങ്കിൽ മോശമായിരുന്നു. എന്നിങ്ങനെ വിധിയെഴുതി, ഇതിലൂടെ നിങ്ങൾ ശ്രവിച്ച പരിശുദ്ധാത്മാവിന്റെ ശബ്ദവും, ഇടപെടലും, ആരും നഷ്ടപ്പെടുത്തിക്കളയരുത്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോടുള്ള ദൈവശബ്ദമായി ഇത് ഏറ്റെടുക്കണം. തിരുവെഴുത്തുകൾ ആധാരമാക്കി തങ്ങളുടെ ജീവിതം യഥാസ്ഥാനപ്പെടുത്തുവാൻ തക്കവണ്ണം ഓരോ ഹൃദയങ്ങളോടും ദൈവം ഇടപെട്ടു എന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

*"Hey, I would like to know more."*

*Join us at:*

## Word of God Church, Dubai

☎ +971 56 392 1933, +91 90375 88577

+91 90375 88577

wordofgodsons@gmail.com

www.addtofaithblog.com

**Find us on:**

**WordofGod Church**

**thewordofgod_church**

**WordofGod Church**

*Printed and published by Word of God Church, Dubai*
*(for private circulation only)*